# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

09-05-2017 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2770

# തുറമുഖങ്ങളിലെ വ്യവസായ വാണിജ്യ ഇടപാടുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. റോജി.എം.ജോൺ<br>ശ്രീ. എം.വിൻസെന്റ് | :<br>:<br>:<br>: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ചെറുകിട-വൻകിട തുറമുഖങ്ങളിൽ എന്തെല്ലാം വ്യവസായ വാണിജ്യ ഇടപാടുകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഏതൊക്കെ തുറമുഖങ്ങളിലാണ് അന്താരാഷ്ട്ര ചരക്ക് ഗതാഗതം നടത്തിവരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) യും (ബി) യും | ചെറുകിട തുറമുഖങ്ങളാണ് തുറമുഖ വകുപ്പിന്റെ കീഴിലുള്ളത്. ഇവയിൽ ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ നിന്നും ലക്ഷദ്വീപിലേയ്ക്ക് ചരക്ക് നീക്കം നടന്നു വരുന്നു. വിഴിഞ്ഞം, കൊല്ലം തുറമുഖങ്ങളിൽ അന്താരാഷ്ട്ര ചരക്ക് ഗതാഗതം നടന്നു വരുന്നു. വിഴിഞ്ഞത്തു നിന്നും പ്രധാനമായും മാലിയിലേയ്ക്കാണ് ചരക്ക് നീക്കം നടക്കുന്നത്. വിദേശത്തു നിന്നും ഇറക്കുമതി ചെയ്ത ക്രയിൻ, ISRO ക്ക് വേണ്ടിയുള്ള ഉപകരണങ്ങൾ, തീരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ആഫ്രിക്കയിൽ നിന്നും കശുവണ്ടി എന്നിവയാണ് കൊല്ലം തുറമുഖത്ത് കൈകാര്യം ചെയ്യുന്ന വിദേശ ചരക്കുകൾ. |
| (സി) ചരക്ക് യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നത് ഏതൊക്കെ തുറമുഖങ്ങളിലൂടെയാണെന്ന് വ്യക്തമാക്കുമോ ; | (സി) | കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, എന്നീ തുറമുഖങ്ങളിലൂടെയാണ് ചരക്ക് കപ്പൽ സർവ്വീസ് നടത്തുന്നത്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കോവളം - കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കോവളം-കന്യാകുമാരി അതിവേഗ ജലപാത സംബന്ധിച്ച് പഠനം നടത്തുന്നതിന് NATPAC - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ